**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 989** **11-02-2025 - ൽ മറുപടിയ്ക്ക്**

**കായൽ തീരങ്ങളിൽ ഉപ്പുവെള്ളം കയറുന്നത് തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. കെ. അക്ബർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഗുരുവായൂർ മണ്ഡലത്തിലെ ഏങ്ങണ്ടിയൂർ, കടപ്പുറം, ഒരുമനയൂർ പഞ്ചായത്തുകളിലെ കായൽ തീരങ്ങളിൽ ഉപ്പുവെള്ളം കയറുന്നത് തടയുന്നതിന് ഇറിഗേഷൻ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (എ) | കടപ്പുറം പഞ്ചായത്തിൽ, പി.സി. കനാലിൽ നിന്നും ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനായി 1020 മീറ്റർ നീളത്തിൽ സംരക്ഷണഭിത്തി നിർമ്മാണവും സുബ്രമഹ്ണ്യം കടവിന് സമീപം എടത്തോട് സ്ലൂയിസ് (sluice) നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്. സുബ്രമഹ്ണ്യം കടവ് സ്ലൂയിസ് നിർമ്മാണം നടന്നുവരുന്നു. ഏങ്ങണ്ടിയൂർ ഗ്രാമ പഞ്ചായത്തിലെ മീൻ കടവ്, മണപ്പാട്, എന്നീ പ്രദേശങ്ങളിൽ PC കനാലിൽ നിന്നുള്ള ഉപ്പുവെള്ളം കയറുന്നത് തടയുന്നതിന് സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനാവശ്യമായുള്ള 152.80 ലക്ഷം രൂപയുടെ പ്രവൃത്തിക്ക് ലഭിച്ച ടെണ്ടർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ